(ബി) ഇല്ല.

(സി) ബാധകമല്ല.

ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതി

16 (*782) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധീകരിച്ച ജലം കുപ്പിയിലാക്കി വിൽക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ&ബി) വരുമാന വർദ്ധനവിനും സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായും ശുദ്ധികരിച്ച ജലം കുപ്പിയിലും കന്നാസിലുമായി റിൽക്കുന്നതിനുള്ള ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റി പരിഗണിക്കുകയും പ്രസ്തുത പദ്ധതി സർക്കാർ അനുമതിയോടെ നടപ്പാക്കാൻ തത്വത്തിൽ കേരള വാട്ടർ അതോറിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ അന്തിമതീരുമാനമെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മനേജ്മെന്റ് സിസ്റ്റം

17 (*783) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം ഡെവലപ്പ് ചെയ്ത പരിപാടികൾ എന്തൊക്കൊയാണെന്ന് വിശദമാക്കാമോ ;

(ബി) നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രധാനപ്പെട്ട പോരായ്മകൾ എന്തൊക്കെയാണ് ;

(സി) പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിലെ വികസന ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; പദ്ധതിയെ സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) പദ്ധതി പ്രവർത്തനം എത്ര ശതമാനം നടപ്പിൽ വരുത്തുകയുണ്ടായി ; പദ്ധതിക്ക് വകയിരുത്തിയ തുക എത്ര ; ചെലവഴിച്ചതെത്ര എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഇലക്ട്രിസിറ്റി ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം മെച്ചപ്പെടുത്തുന്നതിനുവേണ്ടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിൾ, ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ, റിംഗ് മെയിൻ യൂണിറ്റ് എന്നിവ സ്ഥാപിച്ചു വരുന്നു. തിരുവനന്തപുരത്ത് ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രധാനപ്പെട്ട പോരായ്മകൾ താഴെ പറയുന്നവയാണ്.

1. കേടായാതും കൃത്യതയില്ലാത്തതുമായ മീറ്ററുകൾ
2. കുറഞ്ഞ വോൾട്ടേജും വോൾട്ടേജിലുള്ള വർദ്ധിച്ച വ്യതിയാനവും
3. വൈദ്യുതി മോഷണം
4. വർദ്ധിച്ച പ്രസരണ വിതരണ നഷ്ടവും പ്രതികൂലമായ എൽ.റ്റി./എച്ച്.റ്റി അനുപാതവും
5. കുറഞ്ഞ പവർ ഫാക്ടർ
6. വൈദ്യുതി വിതരണത്തിലെ തടസ്സങ്ങളും അവ പരിഹരിക്കുന്നതിനുള്ള കാലതാമസവും
7. പരാതികൾ പരിഹരിക്കുന്നതിനുള്ള കാലതാമസം
8. എം. ഐ. എസ്-ന്റെ അപര്യാപ്തത
9. കമ്പ്യൂട്ടർവൽക്കരണ സംവിധാനത്തിലെ പോരായ്മകൾ

(സി) ഉണ്ട്. പത്തനംതിട്ട, മഞ്ചേരി, കാസർഗോഡ് എന്നീ ഇലക്ട്രിസിറ്റി സർക്കിളുകൾ ഉൾപ്പെടുന്ന സർക്കിൾ സ്കീമുകളിലായി 8,92,000 സിംഗിൾഫേസ് മീറ്ററുകളും, 84,700 ത്രീ ഫേസ് മീറ്ററുകളും മാറ്റി റയ്ക്കുക, 11132 കീ. മി. 11 കെ.വി. ലൈൻ വലിക്കുക, 896 പുതിയ '100' കെ. വി. എ. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 5806 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്ററുകൾ 9 കെ. വി. എ ആർ ലോ വോൾട്ടേജ് കപ്പാസിറ്ററുകൾ, '257' ഫീഡർ മീറ്ററുകൾ, എന്നിവ സ്ഥാപിക്കുക 5506 ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ, 68 ഇലക്ട്രിക്കൽ കണക്ഷനുകൾ, 34 സബ് സ്റ്റേഷനുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, 34 സബ്സ്റ്റേഷനുകളുടെ നവീകരണം എന്നിവയാണ് മുഖ്യമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുവേണ്ടി 181.59 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) പദ്ധതി പ്രവർത്തനം ഏകദേശം 13% നടപ്പിൽ വരുത്തുകയുണ്ടായി. 28% പ്രവർത്തനം നടത്താനുള്ള ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ 2004 മാർച്ചിനു മുമ്പ് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കു ആകെ 181.59 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുവരെ 23.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly